ഉത്തരം

(എ) സർവ്വശിക്ഷാ അഭിയാന്റെ പ്രവർത്തനങ്ങൾ മുഖേന ഈ സ്കൂളുകളിൽ കാര്യക്ഷമമായ വിദ്യാഭ്യാസം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അൺ എക്കണോമിക് വിദ്യാലയങ്ങളിൽ ഒഴിവു വരുന്ന തസ്തികകളിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്നും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ ലഭിക്കാത്ത സാഹചര്യത്തിൽ ഒഴിവുകൾ ദിവസ വേതനാടിസ്ഥാനത്തിൽ നികത്തണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി-ഇ) അൺഎക്കണോമിക് സ്കൂളുകളിൽ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് തടസ്സമില്ല.

മലപ്പുറം ജില്ലയിൽ പാഠപുസ്തക വിതരണത്തിനുള്ള കാലതാമസം

16(706) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും മലപ്പുറം ജില്ലയിൽ പാഠപുസ്തക വിതരണം പൂർത്തീകരിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാഠപുസ്തക വിതരണത്തിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ജില്ലയിലെ ഈ വർഷത്തെ പാഠപുസ്തക വിതരണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ അച്ചടികൾ പൂർത്തീകരിക്കുന്നതിനും പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കുട്ടികളുടെ എണ്ണവും പാഠപുസ്തകങ്ങളുടെ ആവശ്യകതയും സംബന്ധിച്ച് വിദ്യാഭ്യാസ ഓഫീസർമാർ നൽകിയ ഇൻഡന്റിലെ പിഴവ് കാരണം ചില സ്ഥലങ്ങളിൽ ആവശ്യമുള്ളത്ര പാഠപുസ്തകങ്ങൾ ലഭിക്കാതെ വന്നിട്ടുണ്ട്. ഇൻഡന്റിൽ ഉൾപ്പെടാതിരുന്നതും എന്നാൽ പിന്നീട് ആവശ്യപ്പെട്ടതുമായ പാഠപുസ്തകങ്ങളുടെ വിതരണം ഇപ്പോൾ പൂർത്തിയായിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

അടുത്ത അദ്ധ്യയന വർഷത്തെ പത്താം ക്ലാസ്സിലെ പുതിയ മലയാളം പാഠപുസ്തകം

17(708) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തെ പത്താം ക്ലാസ്സിലെ പുതിയ മലയാളം പാഠപുസ്തകം തയ്യാറാക്കിയത് എസ്.സി.ഇ.ആർ.ടി. സമിതി അംഗങ്ങൾ അറിയാതെയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാഠപുസ്തകം അംഗീകരിക്കുന്നതിനുമുമ്പ് മുഴുവൻ അംഗങ്ങളുടേയും സാന്നിദ്ധ്യത്തിൽ കരിക്കുലം കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇങ്ങനെ സംഭവിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.സി.ഇ.ആർ.ടി. രൂപീകരിച്ച പാഠപുസ്തക സമിതിതന്നെയാണ് പത്താം ക്ലാസ്സിലെ പാഠപുസ്തകം തയ്യാറാക്കിയത്. പാഠപുസ്തകം രൂപപ്പെടുത്തുന്നതിന് പ്രസ്തുത സമിതിയുടെ നാലു ശില്പശാലകൾ സംഘടിപ്പിച്ചു. ഓരോ ശില്പശാലയും നാലുദിവസം വീതം ദൈർഘ്യമുള്ളവയായിരുന്നു. എല്ലാ അംഗങ്ങളെയും ക്ഷണിച്ചാണ് ഈ ശില്പശാലകൾ നടത്തിയിട്ടുള്ളത്.

(ബി) കരിക്കുലം കമ്മിറ്റിയിൽ പാഠപുസ്തക സമിതി അംഗങ്ങളെ പങ്കെടുപ്പിക്കാറില്ല. പാഠപുസ്തക സമിതി തയ്യാറാക്കിയ പാഠപുസ്തകം വിദഗ്ദ്ധ സമിതി പരിശോധിച്ച് മെച്ചപ്പെടുത്തലുകൾ നടത്തുകയുണ്ടായി. അതിനുശേഷം കരിക്കുലം സബ്കമ്മിറ്റി പാഠപുസ്തകം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കരിക്കുലം കമ്മിറ്റി പാഠപുസ്തകം പരിഗണിച്ചത്. കരിക്കുലം കമ്മിറ്റിക്കു പുറമേ ടെക്സ്റ്റ്ബുക്ക് കമ്മീഷനും പുസ്തകം പരിശോധിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ പ്രക്രിയകളും പൂർത്തിയാക്കി നിർദ്ദേശങ്ങൾ നടപ്പിലാക്കിയശേഷം മാത്രമാണ് പാഠപുസ്തകം അച്ചടിക്കു നൽകിയത്.

സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനു മുമ്പ് നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ഫുൾടൈം ആനുകൂല്യങ്ങൾ

18(707) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനു മുമ്പ് നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ഫുൾടൈം ആനുകൂല്യങ്ങൾ നൽകണമെന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണ് ;

(സി) സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനു മുമ്പ് നിയമനം ലഭിച്ചതും ഇപ്പോൾ പ്രൊമോഷൻ കിട്ടിയിട്ടുള്ളതുമായ അദ്ധ്യാപകർക്ക് കോടതി ഉത്തരവ് പ്രകാരമുള്ള ഫുൾടൈം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നു മുതലാണ് നൽകിയത് ;

(ഇ) ഒരേ കാലത്ത് നിയമനം ലഭിച്ച അദ്ധ്യാപകരിൽ കുറച്ചുപേർക്ക് ആനുകൂല്യങ്ങൾ നൽകുകയും മറ്റുള്ളവർക്ക് നൽകാതിരിക്കുകയും ചെയ്യുന്നതിന് പ്രത്യേക കാരണങ്ങൾ ഉണ്ടോ ;

(എഫ്) വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly